No.CEE/70/K MAT-2020 /TA2


കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001


# പത്രക്കുറിപ്പ്

## ത്രിവത്സര എൽഎൽ.ബി/കെ.മാറ്റ്/ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽഎൽ.ബി കോഴ്സ് 2020 ഓൺലൈൻ പ്രവേശന പരീക്ഷ

## വിദ്യാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

2020–21 അധ്യയനവർഷത്തെ ത്രിവത്സര എൽഎൽ.ബി കോഴ്സ്/ കെ.മാറ്റ്/ ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽഎൽ.ബി എന്നീ പ്രവേശന പരീക്ഷകൾ യഥാക്രമം ജൂൺ 20, 21, 22 തീയതികളിലായി നടക്കുകയാണ്. പ്രവേശന പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾ അവരവരുടെ അഡ്മിറ്റ് കാർഡിൽ സൂചിപ്പിച്ചിട്ടുള്ള സമയത്ത് അതത് പരീക്ഷാ കേന്ദ്രങ്ങളിൽ എത്തി കോവിഡ്–19 ന്റെ പശ്ചാത്തലത്തിൽ പാലിക്കേണ്ട നിർദ്ദേശങ്ങളനുസരിച്ച് പരീക്ഷ എഴുതേണ്ടതാണ്. വൈകി എത്തുന്ന വിദ്യാർത്ഥികളെ യാതൊരു കാരണവശാലും പരീക്ഷ എഴുതാൻ അനുവദിക്കുന്നതല്ല. പരീക്ഷയ്ക്കെത്തുന്ന വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖ (ആധാർ/വോട്ടർ ഐഡി /ഡ്രൈവിഗ് ലൈസൻസ്/പാൻ കാർഡ് എന്നിവയിലേതെങ്കിലും) കൊണ്ടുവരേണ്ടതാണ്. കാൽക്കുലേറ്റർ, മൊബൈൽ ഫോൺ, സ്മാർട്ട് വാച്ച് തുടങ്ങിയ ഇലക്ട്രോണിക്ക് ഉപകരണങ്ങൾ കൈവശം വയ്ക്കാൻ പാടുള്ളതല്ല. ക്വാറന്റെയ്നിലോ/ഹോട്ട്സ്പോട്ടിലോ ഉള്ള വിദ്യാർത്ഥികളും അവരുടെ രക്ഷിതാക്കളും മറ്റ് വിദ്യാർത്ഥികളുമായോ രക്ഷിതാക്കളുമായോ സമ്പർക്കത്തിലാവാൻ പാടുള്ളതല്ല വിദ്യാർത്ഥികൾ പരീക്ഷ സംബന്ധമായ പൊതു നിർദ്ദേശങ്ങൾ അറിയുന്നതിനായി പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ് സൈറ്റിലുള്ള **11.06.2020** ലെ വിജ്ഞാപനം കാണുക.

ഹെൽപ് ലൈൻ നം: 0471 2525300

തിരുവനന്തപുരം
18.06.2020

പ്രവേശന പരീക്ഷാ കമ്മീഷണർ